**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** — **10-06-2024 - ൽ മറുപടിയ്ക്ക്**

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളത്തിന്റെ അളവ് എത്രയെന്ന് വിശദമാക്കുമോ; | (എ) | പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1- ജൂൺ 30) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ കേരളത്തിന് 7.25 ടി.എം.സി. ജലം ലഭിക്കേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1നും ഫെബ്രുവരി 1നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2നും ജനുവരി 31നും ഇടയിലുള്ള കാലയളവിൽ കേരള ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണ നിരപ്പിന് 5 അടിയിൽ താഴാതെ നിർത്തേണ്ടതുമാണ്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. പറമ്പിക്കുളം ഗ്രൂപ്പ് അണക്കെട്ടുകളിലും ലോവർ നീരാറിലും കൂടി പ്രതിവർഷം 16.5 ടി.എം.സിയിൽ (ബാഷ്പീകരണം ഒഴികെ) കൂടുതലായി നീരൊഴുക്ക് ലഭിക്കുന്ന വർഷങ്ങളിൽ ആദ്യത്തെ 2.5 ടി.എം.സി. വരെയുള്ള ജലവിഹിതം പാലക്കാട് ചിറ്റൂർപ്പുഴയിൽ കൃഷി ആവശ്യത്തിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ 2.5 ടി.എം.സി.യിൽ അധികം വരുന്ന ജലം ചാലക്കുടിപ്പുഴയിലൂടെ കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ വൻനീരൊഴുക്കുള്ള ചുരുക്കം ചില വർഷങ്ങളിൽ മാത്രമാണ് ഇവിടത്തെ നീരൊഴുക്ക് 16.5 ടി.എം.സിക്ക് മുകളിൽ ലഭ്യമായിട്ടുള്ളത്. ഒക്ടോബർ ഒന്നു മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ജലം ഇടമലയാർ ജലസംഭരണിയിൽ ശേഖരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത കരാർ എന്നാണ് നിലവിൽ വന്നതെന്നും കരാർ പ്രകാരം ഈ വർഷം സംസ്ഥാനത്തിന് ലഭിച്ച ജലത്തിന്റെ അളവ് എത്രയെന്നും വിശദമാക്കുമോ; | (ബി) | 1970 മെയ് 29ന് നിലവിൽ വന്ന പി.എ.പി. കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • 2023-24 ജലവർഷത്തിൽ മെയ് II$^{nd}$ Fort Night വരെ മണക്കടവ് വിയറിൽ ലഭിച്ചത് 5360 Mcft ജലം ആണ്.<br>• 2023-24 ജലവർഷത്തിൽ മെയ് II$^{nd}$ Fort Night വരെ കേരള ഷോളയാർ പവർഹൗസിൽ 12033 Mcft ജലം ഉപയോഗിച്ചിട്ടുണ്ട്.<br>• 2023-24 ജലവർഷത്തിൽ അപ്പർ നീരാർ വിയറിൽ നിന്ന് (ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ) കേരളത്തിന് ലഭ്യമായത്, 1111 Mcft ജലം ആണ്. |
| (സി) | ഓരോ വർഷവും അർഹതപ്പെട്ട വെള്ളം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനായി സംയുക്ത ജലക്രമീകരണ ബോർഡ് (ജെ.ഡബ്ല്യൂ.ആർ.ബി) യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരമാവധി ശ്രമിക്കാറുണ്ട്. ഇത് പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ വിഷയം യഥാസമയം തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും സമയോചിതമായ ഇടപെടലുകൾ നടത്തി പരമാവധി ജലം നേടി എടുക്കാറുമുണ്ട്.<br><br>കേരളത്തിന് പി.എ.പി. കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണമായി സംരക്ഷിച്ചു കൊണ്ട് തമിഴ്നാടുമായി തുടർചർച്ചകൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ ആണ് കേരളം പൊതുവെ സ്വീകരിച്ചു വരുന്നത്.<br><br>ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലുമുള്ള ശക്തമായ ഇടപെടലുകളെ തുടർന്ന് നിലവിൽ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും ലഭ്യമാക്കുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ഉറപ്പ് വരുത്തുന്നതിന് സർവ്വകക്ഷി യോഗത്തിന്റെ അടിസ്ഥാനത്തിൽ ബഹു.സുപ്രീം കോടതി മുമ്പാകെ 2013 വർഷം കേരളം ഒരു അസ്സൽ അന്യായവും (O.S No.2/2013) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ